# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.43

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബിയുടെ മസാല ബോണ്ട്

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. പി.ടി. തോമസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ധനസമാഹരണത്തിന്റെ ഭാഗമായി ഇറക്കിയ മസാല ബോണ്ട് സി.ഡി.പി.ക്യൂ എന്ന കമ്പനിയാണോ വാങ്ങിയത്; | 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. സി.ഡി.പി.ക്യൂ എന്ന സ്ഥാപനം അതിൽ ഒരു പ്രധാന നിക്ഷേപകരാണ്. |
| (ബി) കാനഡയിലെ ക്യൂബക് പ്രവിശ്യയിൽ മാത്രമായി പ്രസ്തുത ബോണ്ട് പ്രൈവറ്റ് പ്ലെയ്സ്മെന്റ് നടത്തിയ വേളയിലാണോ സി.ഡി.പി.ക്യൂ അവ വാങ്ങിയത് എന്ന് വ്യക്തമാക്കാമോ; | കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്ങ് , യു എ ഇ എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിങ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയ ശേഷം പ്രോസ്പെക്ട്സ് പുറപ്പെടുവിക്കേണ്ടത്. ഇത് വളരെ സംഗീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തിലെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായിയാണ് മറ്റു രാജ്യങ്ങളിലെ നിയവവ്യവസ്ഥകൾ ഉൾപ്പെടുത്തിയ പോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി |

| | |
|---|---|
| | ഓഫറിങ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് ( FATF ) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. ഇത് കാനഡയിലെ ക്യുബക് പ്രവിശ്യയിൽ മാത്രമായി നടത്തിയ പ്രൈവറ്റ് പ്ലേസ്മെന്റ് അല്ല. |
| (സി) സി.ഡി.പി.ക്യുവിന് എത്ര ശതമാനം പലിശയാണ് ഈ ബോണ്ടുകൾക്ക് നൽകേണ്ടത്; | കിഫ്ബിയുടെ മസാല ബോണ്ടിന്റെ പലിശ നിരക്ക് 9.723% ആണ്. എല്ലാ നിക്ഷേപകർക്കും ഈ നിരക്ക് ബാധകമാണ്. 5 വർഷമാണ് പ്രസ്തുത മസാല ബോണ്ടിന്റെ തിരിച്ചടവ് കാലാവധി. ഇതുവഴി നാളിതുവരെ 2150 കോടി രൂപയാണ് സ്വരൂപിച്ചിരിക്കുന്നത്. തിരിച്ചടവ് കാലാവധി കഴിയുമ്പോൾ പലിശയും മുതലും ഉൾപ്പെടെ ആകെ 3195.23 കോടി രൂപ തിരിച്ചടക്കേണ്ടി വരും. |
| (ഡി) ബോണ്ടിന്റെ തിരിച്ചടവ് കാലാവധി എത്രയാണ്; കാലാവധി പൂർത്തിയാകുമ്പോൾ പലിശയും മുതലും ഉൾപ്പെടെ എത്ര കോടി രൂപ നൽകേണ്ടി വരും എന്ന് അറിയിക്കുമോ; | |
| (ഇ) എസ്.എൻ.സി. ലാവ് ലിൻ കമ്പനിയുടെ ഇരുപത് ശതമാനം ഓഹരികൾ കൈവശമുള്ള കമ്പനിയാണ് സി.ഡി.പി.ക്യു.എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പ്രധാനമായും സർക്കാർ - അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷുറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് CDPQ. ലോകമാസകലമുള്ള അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസംബർ 31 ലെ കണക്ക പ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തി മൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിലടക്കം പത്തു രാജ്യങ്ങളിൽ ഇവർക്ക് കാര്യാലയമുണ്ട്. കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി CDPQ വിന് SNC ലാവ് ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസംബർ 31 ലെ കണക്ക പ്രകാരം SNC ലാവ് ലിനിന്റെ 19.9% ഓഹരി CDPQ വിന്റെ കൈവശമുണ്ട്. ക്യൂബെക് സെക്യൂരിറ്റീസ് നിയമം പ്രകാരം, ഒരു കമ്പനിയുടെ താല്പര്യങ്ങളിൽ നിയന്ത്രണം ഉണ്ടെന്ന് കരുതാവുന്ന നിക്ഷേപക വിഭാഗത്തിനും താഴെയാണ് എസ്.എൻസി.ലാവ് ലിനിൽ CDPQ വിനുള്ള നിക്ഷേപം. CDPQ അവരുടെ 22,000 കോടി ഡോളർ (ഏകദേശം 15.4 ലക്ഷം കോടി രൂപ) പോർട്ട്ഫോളിയോയിൽ നിന്നുകൊണ്ടു നടത്തിയ ഒരു നിക്ഷേപം മാത്രമാണ് എസ്.എൻ.സി. ലാവ് ലിൻ. |
| (എഫ്) എസ്.എൻ.സി. ലാവ് ലിൻ കമ്പനി പ്രതിനിധികളെ കേരളം പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ആ കമ്പനിയുമായി അടുത്ത ബന്ധമുള്ള സി.ഡി.പി.ക്യു.വുമായി ഇടപാട് നടത്തിയത് ശരിയായ നടപടി ആണെന്ന് വിലയിരുത്തുന്നുണ്ടോ? | |

യോഗ്യതയുള്ള ഏതെങ്കിലും അധികാര സ്ഥാപനമോ ഗവൺമെന്റോ അയോഗ്യത കല്പിക്കും വരെ CDPQ വിന് ഏതു കമ്പനിയിൽ നിക്ഷേപമുണ്ടായാലും ശരി അത് അയോഗ്യതയായി കണക്കാക്കാൻ കഴിയുന്നതല്ല. കുറ്റമറ്റ രീതിയിൽ പൊതുപണം കൈകാര്യം ചെയ്യുന്നതിൽ വിശ്വാസ്യത പുലർത്തുന്ന ലോകത്തിലെ ഏറ്റവും വലിയ പെൻഷൻ ഫണ്ട് കമ്പനികളിലൊന്നായ CDPQ എസ്.എൻ.സി ലാവ് ലിൻ കമ്പനിയിൽ പണം മുടക്കി എന്നതുകൊണ്ട് അഭികാമ്യമായ നിക്ഷേപകർ അല്ലാതാകുന്നില്ല.

ഭാരതീയ റിസർവ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ രൂപപ്പെടുത്തിയ ഭരണനിർവ്വഹണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയിൽ പ്രവർത്തനം തുടരുന്ന സ്ഥാപനമാണ് CDPQ. എഡിൽവെയ്സ്, കോടക് ബാങ്ക്, ടി.വി.എസ്. ലോജിസ്റ്റിക്സ്, അസൂർ പവർ എന്നിവ പോലുള്ള ഇന്ത്യൻ കമ്പനികളിൽ ഉൾപ്പെടെ 450 കോടി അമേരിക്കൻ ഡോളറിന്റെ (ഏകദേശം 31,500 കോടി രൂപ) നിക്ഷേപം ഈ രാജ്യത്തു നടത്തിക്കഴിഞ്ഞ സ്ഥാപനമാണ് CDPQ എന്ന് ആധികാരിക രേഖകൾ പറയുന്നു.

ബ്രിട്ടണിലെ ഹീത്രൂ വിമാനത്താവളം, ആസ്ട്രേലിയയിലെ ബ്രിസ്ബെയിൻ തുറമുഖം, ന്യൂയോർക്ക് സിറ്റിയിലെ വാസകേന്ദ്ര പദ്ധതിയായ സ്റ്റുയിവെസന്റ് ടൗൺ / പീറ്റർകൂപ്പർ വില്ലേജ്, നെസ് ലെ പോലുള്ള ബഹുരാഷ്ട്ര വ്യവസായങ്ങൾ തുടങ്ങി ഉന്നത നിലവാരത്തിലുള്ള മുതൽമുടക്ക് ലോകമെമ്പാടും CDPQ നടത്തിയിട്ടുണ്ട്. CDPQ ആസ്ഥാനം നിലനില്ക്കുന്ന ക്യൂബെക് എന്ന കാനഡ പ്രവിശ്യയിൽനിന്നു മാത്രം ബൊംബാർഡിയർ, സിജിഐ, എസ്.എൻസി.ലാവ് ലിൻ തുടങ്ങിയവ ഉൾപ്പെടെ ആഗോള കമ്പോളത്തിൽ സജീവമായി നില്ക്കുന്ന ഏകദേശം 775 കനേഡിയൻ കമ്പനികളിൽ ഈ സ്ഥാപനത്തിന് നിക്ഷേപമുണ്ട്.

സെക്ഷൻ ഓഫീസർ